**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1409** **30-08-2022 - ൽ മറുപടിയ്ക്ക്**

**ടൈപ്പ് വൺ ഡയബറ്റിസ് ബാധിതരായ കുട്ടികൾക്കായി സ്കൂളിൽ സൗകര്യമൊരുക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികളുടെ ആരോഗ്യം കണക്കിലെടുത്ത് പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് 19.03.2022-ന് പുറത്തിറക്കിയ സർക്കുലർ പ്രകാരം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | ടൈപ്പ്1 പ്രമേഹ ബാധിതരായ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് ഇൻസുലിൻ എടുക്കുന്നതിന് വൃത്തിയും സ്വകാര്യതയുള്ളതുമായ മുറി സജ്ജീകരിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ വൈദ്യസഹായം ഉറപ്പ് വരുത്തുന്നതിനുള്ള ക്രമീകരണവും സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അധ്യാപക പരിശീലന പരിപാടികളിൽ ഈ വിഷയം സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ ഇത് സംബന്ധിച്ചുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ? | (ബി) | (see table below) |

| നമ്പർ | ജില്ല | സ്കൂളുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 114 |
| 2 | കൊല്ലം | 896 |
| 3 | ആലപ്പുഴ | 772 |
| 4 | പത്തനംതിട്ട | 20 |
| 5 | കോട്ടയം | 16 |
| 6 | ഇടുക്കി | 101 |
| 7 | എറണാകുളം | 31 |
| 8 | തൃശ്ശൂർ | 30 |
| 9 | പാലക്കാട് | 167 |
| 10 | മലപ്പുറം | 244 |
| 11 | കോഴിക്കോട് | 32 |
| 12 | വയനാട് | 61 |
| 13 | കണ്ണൂർ | 702 |
| 14 | കാസർഗോഡ് | 127 |
| | ആകെ | 3313 |

സെക്ഷൻ ഓഫീസർ